**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2179** **13-09-2023 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റാർട്ടപ്പ് മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിർമ്മിത ബുദ്ധി ഹബ്ബായി മാറ്റുന്നതിന് എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ടെക്നോസിറ്റിയിൽ എമർജിംഗ് ടെക്നോളജി ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്. ഭാവി സാങ്കേതിക വിദ്യകളിൽ ഊന്നൽ നൽകുന്ന പ്രസ്തുത ഹബ്ബിൽ നിർമ്മിത ബുദ്ധിയും ഒരു പ്രമുഖ മേഖലയായിരിക്കും. കേരള സ്റ്റാർട്ടപ്പ് മിഷന്റെ തിരുവനന്തപുരം, എറണാകുളം എന്നിവടങ്ങളിലെ കേന്ദ്രങ്ങളിൽ ഫ്യൂച്ചർ ടെക്നോളജി ലാബുകൾ നിലവിലുണ്ട്. |
| (ബി) | അപ്പ് സ്കില്ലിങ്, റീസ്കില്ലിങ് എന്നിവക്ക് വേണ്ടി ടെക് സ്കൂൾ എന്ന ആശയം കേരള സ്റ്റാർട്ടപ്പ് മിഷൻ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ടെക് സ്കൂൾ സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |
| (സി) | കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനം എല്ലാ ജില്ലകളിലും വ്യാപിക്കുന്നതിനും ആപ്പിന്റെ സ്കിൽ പാർക്കുകൾ കേന്ദ്രീകരിച്ച് ആക്സിലറേറ്റർ പ്രോഗ്രാമുകൾ വിപുലീകരിക്കുന്നതിനുമായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനം സംസ്ഥാനമൊട്ടാകെ ഉൾക്കൊള്ളുന്നതാണ് എന്നാൽ എല്ലാ ജില്ലകളിലും നിലവിൽ കേന്ദ്രങ്ങൾ ലഭ്യമല്ല. കേന്ദ്രങ്ങൾ ലഭ്യമല്ലാത്ത ജില്ലകളിൽ അത് സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്തു വരുന്നു. ASAP ന്റെ കാസറഗോഡ്, കുളക്കട എന്നീ സ്കിൽ പാർക്കുകളിൽ ഭാഗികമായി ലഭ്യമാക്കിയ സ്ഥലം സജ്ജീകരിച്ച് ഇൻകുബേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ഡി) | ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ പഠന കേന്ദ്രങ്ങൾ ആലപ്പുഴയിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) | ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ പഠന കേന്ദ്രങ്ങൾ ആലപ്പുഴയിൽ സ്ഥാപിക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ